ഉത്തരം

(എ-ഡി) ധർമ്മടം നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലെ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളും, പ്രസ്തുത പ്രവൃത്തികളുടെ ഘട്ടവും അനുബന്ധമായി ചേർത്തിരിക്കുന്നു. അടങ്കൽ തുക ഡെപ്പോസിറ്റ് ചെയ്യാത്തതിനാൽ ആദ്യ രണ്ടു പ്രവൃത്തികളും കരാറുകാരൻ താൽക്കാലികമായി നിറുത്തിവച്ചിരിക്കുന്നു.

ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ പാലങ്ങളുടെ പ്രവൃത്തി

248 (4880) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച ഏതൊക്കെ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ് ആരംഭിക്കാൻ ബാക്കിയുള്ളത്; പ്രസ്തുത പാലങ്ങൾക്ക് ഭരണാനുമതി ലഭിച്ചതെപ്പോൾ; പ്രസ്തുത പാലങ്ങൾക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) എത്രയും വേഗം പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ ഇരിണാവ് പാലം നിർമ്മിക്കുന്നതിന് 14-7-2009 തീയതിയിലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.റ്റി) നമ്പർ 1044/09/പൊ.മ.വ. അനുസരിച്ച് 925 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. അപ്രോച്ച് റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കാത്തതിനാൽ പ്രവൃത്തി തുടങ്ങുന്നതിനുള്ള തുടർ നടപടികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

(ബി) ആവശ്യമായ സ്ഥലം ലഭ്യമായാൽ പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഡോക്ടർ പൗലോസ് ജേക്കബ് ഫ്രീ സറണ്ടറായി നൽകിയ ഭൂമി

249 (4881) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാതയിലെ അപകടങ്ങൾ ഒഴിവാക്കുന്നതിനായി അങ്കമാലി ഫെഡറൽ ബാങ്ക് ജംഗ്ഷനിലെ കുരൻവീട്ടിൽ ഡോക്ടർ പൗലോസ് ജേക്കബ് ഫ്രീ സറണ്ടറായി നൽകിയ ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച കേസ് തീർപ്പാക്കുന്നതിലെ കാലതാമസം വിശദമാക്കാമോ ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly